3252
16/2/19

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - എറണാകുളം ജില്ല- കുന്നത്തുനാട് താലൂക്ക് -ഇതര സംസ്ഥാന തൊഴിലാളി കൊലപ്പെടുത്തിയ നിമിഷ തമ്പി എന്ന കുട്ടിയുടെ കുടുംബത്തിനും / കൊച്ചി കോർപറേഷൻ പരിധിയിൽ കലുങ്ക് നിർമ്മാണത്തിനിടെ വൈദ്യുതാഘാതമേറ്റ് മരിച്ച തമിഴ്നാട് രാമനാഥപുരം സ്വദേശി മുതിരുലാണ്ടിയുടെ കുടുംബത്തിനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

=====================================================================

റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്

സ.ഉ.(കൈ)നം:57/2019/റവ. തിരുവനന്തപുരം, തീയതി, 14.02.2019

=====================================================================

**ഉത്തരവ്**

30/07/2018-ൽ അന്യസംസ്ഥാന തൊഴിലാളിയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട, എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ കിഴക്കമ്പലം വില്ലേജിൽ മലയിടം തുരുത്ത് അന്തിനാട്ട് വീട്ടിൽ ശ്രീ.എ.വി.തമ്പിയുടെ മകൾ നിമിഷ തമ്പിയുടെ കുടുംബത്തിന്, ഒരു പ്രത്യേക കേസായി പരിഗണിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 500000/- രൂപയും (അഞ്ച് ലക്ഷം രൂപാ മാത്രം) , എറണാകുളം ജില്ലയിൽ കൊച്ചി കോർപറേഷന്റെ പരിധിയിൽ 46,47,48 ഡിവിഷനുകളിൽപ്പെട്ട കണിയാവേലി റോഡിൽ കരിത്തോടിന് കുറുകെ കലുങ്ക് നിർമ്മാണ പ്രവൃത്തിക്കിടെ 06/02/2019-ന് വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട മുതിരുലാണ്ടിയുടെ (20 വയസ്സ്) കുടുംബത്തിന് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് , മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 500000/- രൂപയും (അഞ്ച് ലക്ഷം രൂപാ മാത്രം) ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി ആവശ്യത്തിന് വേണ്ടിവരുന്ന 1000000/- രൂപ (പത്ത് ലക്ഷം രൂപാ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതാണ്.

ജില്ലാ കളക്ടർ അടിയന്തിരമായി ടി 5 ലക്ഷം രൂപ വീതം മരിച്ച നിമിഷ തമ്പിയുടെ കുടുംബത്തിനും , മുതിരുലാണ്ടിയുടെ കുടുംബത്തിന് തമിഴ്നാട്ടിലെ രാമനാഥപുരം ജില്ലാ കളക്ടർ മുഖാന്തിരവും നൽകി വിവരം എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതുമാണ് .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.വേണു.വി,
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, എറണാകുളം.
ജില്ലാ കളക്ടർ , രാമനാഥപുരം, തമിഴ്നാട്
തഹസീൽദാർ, കുന്നത്തുനാട്,എറണാകുളം.
ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
റവന്യൂ (ഡിആർഎഫ്-ബി,സി) വകുപ്പ്
~~വിവര~~പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Smitha, A.S.
സെക്ഷൻ ഓഫീസർ

പകർപ്പ് - പൊതുഭരണ (എസ്.സി) വകുപ്പ് (12.02.2019-ലെ മന്ത്രിസഭായോഗ തീരുമാനം ഇനം . നം.2863.Q A) അനുസരിച്ച്.